Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/ 2022/ 1350(14) തീയതി: 02.04.2022

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

സർ,

**വിഷയം: കൈറ്റ് - 2022 ലെ ശബരീഷ് സ്മാരക സ്കൂൾവിക്കി പുരസ്കാരം - മൂല്യനിർണ്ണയം സംബന്ധിച്ച്**

സൂചന: 1. സ. ഉ (സാധാ) നം 1198/ 2022 GEN തീയതി 01/ 03/ 2022.

2. 28.02.2022 -ലെ കൈറ്റ്/ 2022/ 1350 (10) നമ്പർ സർക്കുലർ.

3. 07.03.2022 -ലെ കൈറ്റ്/ 2022/ 1350 (11) നമ്പർ സർക്കുലർ.

സൂചന 2 പ്രകാരം 2022 ലെ ശബരീഷ് സ്മാരക സ്കൂൾവിക്കി പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചിരുന്നു. സൂചന 3 പ്രകാരം അവാർഡിന് അപേക്ഷിക്കാനുള്ള തീയതി 2022 മാർച്ച് 15 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1691 വിദ്യാലയങ്ങൾ മാനദണ്ഡങ്ങളനുസരിച്ച് അവാർഡിനുള്ള അപേക്ഷ സ്കൂൾ വിക്കിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിദ്യാലയങ്ങളുടെ അപേക്ഷ പരിശോധിക്കേണ്ടതാണ്.. ടി സ്കൂളുകളുടെ വിക്കി പേജുകൾ പ്രാഥമികമായി ജില്ലാതലത്തിൽ ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസരിച്ച് മൂല്യനിർണ്ണയം നടത്തി മുൻഗണനാ ക്രമത്തിൽ ലിസ്റ്റ് നൽകേണ്ടതാണ്.

1. ജില്ലാതലത്തിൽ 2022 ഏപ്രിൽ 13-നകം മൂല്യനിർണ്ണയം നടത്തി schoolwikicoordinator@gmail.com എന്ന വിലാസത്തിലേക്ക് പട്ടിക അയക്കേണ്ടതാണ്.
2. ജില്ലയിലെ സ്കൂൾ വിക്കിയുടെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ അപേക്ഷ സമർപ്പിച്ച സ്കൂളുകളുടെ പട്ടിക, സ്കോർഷീറ്റ്, റിസൾട്ട് ഷീറ്റ് തുടങ്ങിയവ ശേഖരിച്ച് മൂല്യനിർണയത്തിന് ജില്ലാ കോർഡിനേറ്റർക്ക് ലഭ്യമാക്കേണ്ടതാണ്.
3. സൂചന 2 ൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡ പ്രകാരമായിരിക്കണം മൂല്യനിർണ്ണയം നടത്തേണ്ടത്.
4. അപേക്ഷ ലഭിച്ച പ്രൈമറി വിദ്യാലയങ്ങൾ പരിശോധിക്കുമ്പോൾ ലിറ്റിൽകൈറ്റ്സ് യൂണിറ്റുമായി ബന്ധപ്പെട്ട മൂല്യനിർണ്ണയ സൂചകങ്ങളിലെ ക്രമനമ്പർ 14, 15 ഒഴിവാക്കി സ്കോർ നൽകിയശേഷം പരമാവധി സ്കോറായ 100 ലേക്ക് തുല്യതപ്പെടുത്തേണ്ടതാണ് ( $\frac{score\ X\ 100}{90}$ ).

VICTERS The Complete Educational Channel victers.kite.kerala.gov.in
Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848)

5. ജില്ലാകോർഡിനേറ്ററുടെ മേൽനോട്ടത്തിൽ, ജില്ലയിലെ മുഴുവൻ മാസ്റ്റർട്രെയിനർമാരും ചേർന്നാണ് മൂല്യനിർണ്ണയം നടത്തേണ്ടത്. ജില്ലയിൽ നിന്നും മൽസര സന്നദ്ധതയറിയിച്ച വിദ്യാലയങ്ങളുടെ 20% (ഏറ്റവും കുറഞ്ഞത് 10 എണ്ണം) ആണ് തെരഞ്ഞെടുക്കേണ്ടത്. ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കേണ്ട വിദ്യാലയങ്ങളുടെ എണ്ണം അനുബന്ധമായി നൽകിയിട്ടുണ്ട്.

6. ജില്ലയിൽ നിന്ന് നൽകുന്ന സ്കൂളുകളുടെ പട്ടിക പ്രകാരമുള്ള സ്കൂളുകളുടെ വിക്കിപേജുകൾ അവാർഡ് നിർണ്ണയജ്ജൂറി പ്രത്യേകമായി മൂല്യനിർണ്ണയം നടത്തുന്നതിനാൽ ജില്ലാതലത്തിൽ സ്ഥാനനിർണ്ണയമോ ഫലപ്രഖ്യാപനമോ നടത്തേണ്ടതില്ല.

വിശ്വസ്തതയോടെ,

കെ. അൻവർ സാദത്ത്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**അനുബന്ധം**

| ക്രമനമ്പർ | ജില്ല | അപേക്ഷിച്ച സ്കൂളുകളുടെ എണ്ണം | ജില്ലയിൽ നിന്നും തിരഞ്ഞെടുക്കേണ്ട വിദ്യാലയങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | 148 | 30 |
| 2 | എറണാകുളം | 128 | 26 |
| 3 | ഇടുക്കി | 29 | 10 |
| 4 | കണ്ണൂർ | 118 | 24 |
| 5 | കാസറഗോഡ് | 82 | 16 |
| 6 | കൊല്ലം | 55 | 11 |
| 7 | കോട്ടയം | 78 | 16 |
| 8 | കോഴിക്കോട് | 86 | 17 |
| 9 | മലപ്പുറം | 167 | 33 |
| 10 | പാലക്കാട് | 203 | 41 |
| 11 | പത്തനംതിട്ട | 108 | 22 |
| 12 | തിരുവനന്തപുരം | 295 | 59 |
| 13 | തൃശ്ശൂർ | 150 | 30 |
| 14 | വയനാട് | 44 | 10 |
| | Total | 1691 | 345 |